| ഗ്രാമ ന്യായാലയം പാനൂർ, ചൊക്ലി | |
|---|---|
| ഹാജർ: | അമിത സുരേഷ്<br>ന്യായാധികാരി |
| 2026 ഏപ്രിൽ മാസം 01ാം തിയ്യതി/1948 ചൈത്ര മാസം 11ാം തിയ്യതി | |
| **സി. സി നമ്പർ 65/2022** | |
| പരാതിക്കാരൻ/ വാദി | സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്,<br>ചൊക്ലി പോലീസ് സ്റ്റേഷൻ<br>ക്രൈം നമ്പർ 277/2022<br><br>(കേരള സർക്കാറിനു വേണ്ടി)<br>( ശ്രീമതി. ഷീജ വി, എ പി പി സീനിയർ ഗ്രേഡ് ) |
| പ്രതി/കുറ്റാരോപിതൻ | തോമസ് കെ പി, വയസ്സ് 41/2022,<br>S/o പീലീപ്പോസ്, കുരിശും മൂട്ടിൽ ഹൌസ്,<br>പി ഒ തരിയോട് നോർത്ത്, പടിഞ്ഞാറെതറ,<br>വയനാട്.<br><br>(പ്രതി ഭാഗം അഭിഭാഷകൻ ശ്രീ. സുജിത്ത് മോഹൻ കെ) |
| കുറ്റകൃത്യം/വകുപ്പുകൾ | ഇന്ത്യൻ ശിക്ഷാ നിയമം 279, 304(A) വകുപ്പുകൾ |
| വാദം | കുറ്റക്കാരനല്ല |
| കണ്ടെത്തൽ | കുറ്റക്കാരനല്ല |
| ശിക്ഷ/ഉത്തരവ് | പ്രതിയെ ഇന്ത്യൻ ശിക്ഷാനിയമം 279, 304(A) വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങളിൽ നിന്ന് കുറ്റ വിമുക്തനാക്കി ക്രിമിനൽ നടപടി ക്രമം 255(1) പ്രകാരം വെറുതെ വിട്ടുകൊണ്ട് ഉത്തരവായിരിക്കുന്നു. |

## പ്രതിയെക്കുറിച്ചുള്ള വിവരണം

| ക്രമ നമ്പർ<br>1 | പോലീസ് സ്റ്റേഷന്റെ പേര് & ക്രൈം നമ്പർ<br>2 | പേര്<br>3 | അച്ഛന്റെ പേര്<br>4 | മേൽവിലാസം<br>5 | തൊഴിൽ<br>6 | വയസ്സ്<br>7 |
|---|---|---|---|---|---|---|
| 1. | ചൊക്ലി, ക്രൈം നമ്പർ 277/2022 | തോമസ് കെ പി | പീലീപ്പോസ് | കുരിശും മൂട്ടിൽ ഹൌസ്,<br>പി ഒ തരിയോട് നോർത്ത്, | --------- | 41/2022 |

| | | | | | | |
|---|---|---|---|---|---|---|
| | | | | പടിഞ്ഞാറെതറ, വയനാട്. | | |

**<u>തീയ്യതി പ്രകാരം</u>**

| | | |
|---|---|---|
| 1 | സംഭവം നടന്ന തീയ്യതി | 06.06.2022 |
| 2 | പരാതി കൊടുത്ത തീയ്യതി | 06.06.2022 |
| 3 | റിപ്പോർട്ട് സമർപ്പിച്ച തീയ്യതി | 26.07.2022 |
| 4 | കോടതിയിൽ ഹാജരായ തീയ്യതി | 22.11.2022 |
| 5 | ജാമ്യത്തിൽ വിട്ട തീയ്യതി | 22.11.2022 |
| 6 | കമ്മിറ്റ് മെന്റ് | ........... |
| 7 | വിചാരണ തുടങ്ങിയ തീയ്യതി | 28.02.2023 |
| 8 | തെളിവെടുപ്പ്  തുടങ്ങിയ തീയ്യതി | 23.04.2024 |
| 9 | വിചാരണ അവസാനിപ്പിച്ച തീയ്യതി | 30.03.2026 |
| 10 | വിധി തീയ്യതി | 01.04.2026 |
| 11 | വിധിന്യായത്തിന്റെ പകർപ്പ് കൈമാറൽ | കോപ്പി തയ്യാറാണ് |
| 12 | കാലതാമസത്തിനുള്ള വിശദീകരണം | കാലതാമസമില്ല |
| 13 | അന്വേഷണത്തിലോ വിചാരണയിലോ പ്രതി തടവിൽ കഴിഞ്ഞിരുന്ന സമയം | ......... |

# <u>വിധിന്യായം</u>

പ്രതിയുടെ മേൽ ഇന്ത്യൻ ശിക്ഷാ നിയമം 279, 304(A) വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ആരോപിച്ചുകൊണ്ട് ക്രൈം നമ്പർ 277/2022 ആയി ചൊക്ലി പോലീസ് സ്റ്റേഷൻ

സബ് ഇൻസ്പെക്ടർ കോടതി മുമ്പാകെ സമർപ്പിച്ച കുറ്റപത്രത്തിന്റെ അടിസ്ഥാനത്തിൽ സി സി 65/2022 ആയി ഫയലിൽ സ്വീകരിച്ച കേസാണിത്.

2. പ്രോസിക്യൂഷൻ കേസ് ചുരുക്കത്തിൽ താഴെ പറയും പ്രകാരമാകുന്നു:- 06.06.2022 തീയ്യതി 11.05.മണിയോടെ ചൊക്ലി അംശം കുഴിച്ചാൽ പീടിക എന്ന സ്ഥലത്ത് കിഴക്ക് ഭാഗത്തു നിന്ന് പടിഞ്ഞാറ് ഭാഗത്തേക്ക് പോകുന്ന പള്ളിക്കുനി - മോന്താൽ പബ്ലിക്ക് ടാർ റോഡിൽ വച്ച് മോന്താൽ ഭാഗത്തു നിന്ന് പള്ളിക്കുനി ഭാഗത്തേക്ക് GAURA ഇലക്ട്രിക് സ്കൂട്ടറിൽ സഞ്ചരിക്കുകയായിരുന്ന ശ്രീധരൻ എന്നയാളെ അതേ ദിശയിൽ പിന്നിൽ നിന്ന് പ്രതി ഡ്രൈവറായി ചുമതല വഹിച്ച് മനുഷ്യ ജീവന് അപകടം വരത്തക്കവിധം അശ്രദ്ധയിലും അജാഗ്രതയിലും ഓടിച്ചു വന്ന KL 40 P 3827 നമ്പർ ടിപ്പർ ഇടിച്ചതിൽ സ്കൂട്ടർ യാത്രക്കാരൻ റോഡിലേക്ക് തെറിച്ച് വീണ് ടിപ്പറിന്റെ ടയർ കയറി തലക്കും നെഞ്ചിനും ഗുരുതരമായി പരിക്ക് പറ്റി മരണപ്പെട്ടതിനാൽ ഇന്ത്യൻ ശിക്ഷാ നിയമം 279, 304(A) വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റങ്ങൾ ചെയ്തിരിക്കുന്നു എന്നുള്ളതാകുന്നു.

3. മേൽ നമ്പർ കേസിൽ പ്രതിക്ക് സമൻസ് അയച്ചിട്ടുള്ളതും ആയതു പ്രകാരം പ്രതി കോടതി മുമ്പാകെ ഹാജരാവുകയും കോടതി പ്രതിക്ക് ജാമ്യം നൽകിയിട്ടുള്ളതുമാണ്. പ്രോസിക്യൂഷൻ, കോടതി മുമ്പാകെ സമർപ്പിച്ച റെക്കോർഡുകളുടെ കോപ്പികൾ പ്രതിക്ക് നൽകിയിട്ടുള്ളതും ഇന്ത്യൻ ശിക്ഷാ നിയമം 279, 304(A) വകുപ്പുകൾ പ്രകാരമുള്ള കുറ്റച്ചുരുക്കം വായിച്ചു വിവരിച്ചു കേൾപ്പിച്ചു മനസിലാക്കി കൊടുത്തിട്ടുള്ളതും പ്രതി കുറ്റം നിഷേധിച്ചിട്ടുള്ളതുമാകുന്നു. തുടർന്നു കേസിന്റെ സാഹചര്യങ്ങളും കേസ് രേഖകളും പരിശോധിച്ചതിൽ ഈ കേസ് സമൻസ് കേസ് രീതിയിൽ തെളിവെടുക്കാൻ തീരുമാനിച്ചിട്ടുള്ളതുമാകുന്നു.

4. വിചാരണ അവസാനിപ്പിച്ച ശേഷം പ്രതി ക്രിമിനൽ നടപടി ചട്ടം 313(1)(ബി) പ്രകാരമുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകി. പ്രതി തെളിവുകൾ നിഷേധിക്കുകയും താൻ നിരപരാധി ആണെന്ന് ആവർത്തിക്കുകയും ചെയ്തു. ഈ കേസിലെ പ്രോസിക്യൂഷൻ തെളിവുകൾ PW1 മുതൽ PW17 വരെയുള്ള സാക്ഷികളുടെ വാക്കാലുള്ള തെളിവുകളും Ext. P1 മുതൽ Ext. P11 വരെ അടയാളപ്പെടുത്തിയ documentary തെളിവുകളും ആണ്. പ്രതി ഭാഗം തെളിവിലേക്കായി യാതൊന്നും തന്നെ അടയാളപ്പെടുത്തിയിട്ടില്ല.

5. ഇരുഭാഗവും കേട്ടു.

6. മേൽപറഞ്ഞ വസ്തുതകളും, കോടതി മുമ്പാകെയുള്ള രേഖകളും വിശദമായി പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സൂചികകൾ ഈ കേസിന്റെ തീർപ്പിനുവേണ്ടി പരിഗണനയ്ക്ക് വന്നിട്ടുള്ളതാണ്.

1. പ്രോസിക്യൂഷൻ ആരോപിക്കും പോലെ പ്രതി ഡ്രൈവറായി ചുമതല വഹിച്ച് മനുഷ്യ ജീവന് അപകടം വരത്തക്ക വിധം അശ്രദ്ധയിലും അജാഗ്രതയിലും ഓടിച്ചു വന്ന KL 40 P 3827 നമ്പർ ടിപ്പർ ശ്രീധരൻ എന്നയാളുടെ GAURA ഇലക്ട്രിക് സ്കൂട്ടറിൽ ഇടിച്ചതിൽ പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 279 വകുപ്പ് പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ?

2. പ്രോസിക്യൂഷൻ ആരോപിക്കും പോലെ പ്രതി ഡ്രൈവറായി ചുമതല വഹിച്ച് മനുഷ്യ ജീവന് അപകടം വരത്തക്കവിധം അശ്രദ്ധയിലും അജാഗ്രതയിലും ഓടിച്ചു വന്ന KL 40 P 3827 നമ്പർ ടിപ്പർ ശ്രീധരൻ എന്നയാളുടെ GAURA ഇലക്ട്രിക് സ്കൂട്ടറിൽ ഇടിച്ചതിൽ ടിയാൻ റോഡിലേക്ക് തെറിച്ച് വീണ് ടിപ്പറിന്റെ ടയർ കയറി തലക്കും നെഞ്ചിനും ഗുരുതരമായി പരിക്ക് പറ്റി മരണപ്പെട്ടതിനാൽ പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 304(A)വകുപ്പ് പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ?

3. മേൽ പ്രകാരമുള്ള കുറ്റങ്ങൾ തെളിയിക്കപ്പെട്ടോ? എന്ത് ശിക്ഷ / ഉത്തരവുകളാണ് നൽകേണ്ടത്?

7. **<u>സൂചികകൾ ഒന്നും രണ്ടും</u>**- ആവർത്തനവിരസത ഒഴിവാക്കുന്നതിനും തെളിവുകൾ വിലയിരുത്തുന്നതിനുള്ള സൌകര്യത്തിനും വേണ്ടി ഒന്നും രണ്ടും സൂചികകൾ ഒന്നിച്ചു പരിഗണിക്കുന്നു. ആദരണീയയായ അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യൂട്ടറേയും ആദരണീയനായ പ്രതി ഭാഗം അഭിഭാഷകനേയും കോടതി കേട്ടു.

രേഖകൾ സൂക്ഷ്മമായി പരിശോധിക്കുകയും അവരുടെ വാദങ്ങൾ വിശദമായി വിശകലനം ചെയ്യുകയും ചെയ്തു.

8. ആരോപിക്കപ്പെടുന്ന കുറ്റം തെളിയിക്കാൻ പ്രോസിക്യൂഷൻ PW1 മുതൽ PW17 വരെ സാക്ഷികളെ വിസ്തരിച്ചു. CW2 വിചാരണ വേളയിൽ മരണപ്പെട്ടു പോയതാകുന്നു. CW9, CW12, CW13, CW15 എന്നീ സാക്ഷികളെ ആദരണീയയായ അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യൂട്ടർ വിസ്തരിക്കുന്നില്ല എന്ന് വച്ചു. Ext. P1 മുതൽ Ext. P11 വരെ രേഖകളും ഹാജരാക്കി. Ext. P1 എന്നത് പരാതിക്കാരനായ PW1 നൽകിയ പ്രഥമ വിവര പ്രസ്താവന ആണ്. Ext. P2 എന്നത് ഈ കേസിലെ സംഭവസ്ഥല മഹസറാണ്. Ext. P3 എന്നത് ഈ കേസിൽ മരണപ്പെട്ടുപോയ ആളുടെ ഇൻക്വസ്റ്റ് റിപ്പോർട്ടാണ്. Ext. P4 എന്നത് ഈ കേസിലുൾപ്പെട്ട വാഹനങ്ങളുടെ ബോഡി മഹസറാണ്. Ext. P5 എന്നത് ഈ കേസിൽ മരണപ്പെട്ട ആളുടെ പോസ്റ്റ് മോർട്ടം സർട്ടിഫിക്കറ്റാണ്. Ext. P6 എന്നത് ഈ കേസിൽ ഉൾപ്പെട്ട വാഹനത്തിന്റെ എം വി ഐ റിപ്പോർട്ടാണ്. Ext. P7 എന്നത് ഈ കേസിലെ സംഭവ സ്ഥലത്തിന്റെ സൈറ്റ് പ്ലാനാണ്. Ext. P8 എന്നത് കേസിലെ എഫ് ഐ ആർ ആണ്. അത് രജിസ്റ്റർ ചെയ്ത P16 മുഖാന്തരം mark ചെയ്തു. Ext. P9, Ext. P10 എന്നിവ പ്രതിയുടെ അറസ്റ്റ് മെമ്മോയും ബെയിൽ ബോണ്ടും Ext. P11 എന്നത് പ്രതിയുടെ പേരും മേൽവിലാസവും കൂട്ടിചേർത്ത റിപ്പോർട്ടും ആണ്. ഇവയെല്ലാം കേസന്വേഷണം നടത്തിയ PW17 മുഖാന്തരം mark ചെയ്തു. തുടർന്ന് അന്വേഷണം പൂർത്തിയാക്കി പ്രതിക്കെതിരെ കുറ്റപത്രം സമർപ്പിച്ചു.

9. PW1 മുതൽ PW17 വരെയുള്ള പ്രോസിക്യൂഷൻ സാക്ഷികളുടെ വാമൊഴികളും Ext. P1 മുതൽ Ext. P11 വരെയുള്ള രേഖകളാലും പ്രോസിക്യൂഷൻ കേസ് സംശയാതീതമായി തെളിഞ്ഞതായി ആദരണീയയായ അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യൂട്ടർ വാദിച്ചു. ആയതിനാൽ പ്രതിയെ കുറ്റക്കാരനായി കണ്ട് പ്രതിക്ക് തക്കതായ ശിക്ഷ കൊടുക്കണമെന്ന് ആദരണീയയായ അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യൂട്ടർ അപേക്ഷിച്ചു.

10. അപകടം നടന്ന സമയത്ത് പ്രതിയാണ് ലോറി ഓടിച്ചതെന്ന് നിയമപരമായി തെളിയിക്കപ്പെട്ടിട്ടില്ല എന്നും അപകടത്തിന്റെ സ്ഥാനം, വ്യക്തമായ ചിത്രം എന്നിവ ഇല്ലാത്ത സാഹചര്യത്തിൽ വെറും വാഹനം അമിത വേഗതിൽ ഓടിച്ചു എന്ന കാര്യം

മാത്രം ഉപയോഗിച്ച് പ്രതിയെ കുറ്റക്കാരനാക്കുവാൻ സാധിക്കുകയില്ല എന്ന് പ്രതി ഭാഗം അഭിഭാഷകൻ അപേക്ഷിച്ചു.

11. ഇരുഭാഗം കേട്ടതിലും, രേഖകൾ പരിശോധിച്ചതിലും, ആരോപിച്ച കുറ്റങ്ങളുടെ ഘടകങ്ങൾ തെളിയിക്കാനായി പ്രോസിക്യൂഷൻ വിജയിച്ചോ എന്ന് പരിശോധിക്കേണ്ടതുണ്ട്. കൂടാതെ പ്രോസിക്യൂഷൻ നൽകിയ തെളിവ് വിശ്വസനീയവും പ്രതി കുറ്റക്കാരനാണെന്ന് കണ്ടെത്തുവാൻ മാത്രം ആർജവമേറിയതാണോ എന്നും വിലയിരുത്തേണ്ടതുണ്ട്.

12. കേസിലെ പരാതിക്കാരനായ ശശിന്ദ്രനെ (CW1) PW1 ആയി കോടതി മുമ്പാകെ വിസ്തരിച്ചു. 06.06.2022 തീയ്യതി രാവിലെ 11.15 മണിക്ക് താൻ മോന്താലിലെ ഷാപ്പിൽ കള്ളു കൊടുത്തിട്ട് ടൂവീലറിൽ പള്ളിക്കുനി ഭാഗത്തേക്ക് പോകുമ്പോൾ പൊക്രാൻ ബസ് സ്റ്റോപ്പിന് സമീപത്തെത്തിയപ്പോൾ മരണപ്പെട്ടു പോയ ശ്രീധരൻ ടിയാന്റെ സ്കൂട്ടറിൽ പള്ളിക്കുനി ഭാഗത്തേക്ക് തന്റെ വാഹനത്തിന്റെ മുന്നിൽ സഞ്ചരിക്കുകയായിരുന്നു എന്നും ആ സമയം അതേ ദിശയിൽ പോയിക്കൊണ്ടിരുന്ന ടിപ്പർ വാഹനം അമിത വേഗതയിൽ വന്ന് ശ്രീധരൻ സഞ്ചരിച്ചിരുന്ന വാഹനത്തെ ഇടിക്കുകയും ആ ഇടിയുടെ ആഘാതത്തിൽ ശ്രീധരൻ റോഡിൽ തെറിച്ചു വീഴുകയും ചെയ്തു എന്നും PW1 മൊഴി നൽകി. ആ സമയ താനും രാജീവനും വേറെ മൂന്ന് നാലു പേരും കൂടി ശ്രീധരനെ ആംബുലൻസിൽ തലശ്ശേരി ഗവൺമെന്റ് ആശുപത്രിയിലേക്ക് കൊണ്ടു പോയി എന്നും അന്നേ ദിവസം തന്നെ പിന്നീട് ശ്രീധരൻ മരണപ്പെട്ടെന്ന് അറിഞ്ഞു എന്നും സംഭവത്തിൽ താൻ പോലീസിൽ നൽകിയ പരാതിയാണ് Ext. P1 എന്നും PW1 മൊഴി നൽകി. അപകട കാരണം ടിപ്പർ വാഹനത്തിന്റെ അമിത വേഗതയും അത് ഓടിച്ചയാളുടെ ശ്രദ്ധക്കുറവുമാണ് എന്നും PW1 മൊഴി നൽകി. പ്രതിക്കൂട്ടിൽ നിൽക്കുന്ന പ്രതിയെ PW1 കണ്ട് തിരിച്ചറിയുകയും ചെയ്തു.

13. PW4, PW5, PW6, PW7 എന്നിവർ Ext. P3 ഇൻക്വസ്റ്റ് റിപ്പോർട്ടിൽ സാക്ഷികളായി ഒപ്പു വച്ചിരുന്നതായി മൊഴി നൽകി.

14. CW3 സുബൈറിനെ PW8 ആയി കോടതി മുമ്പാകെ വിസ്തരിച്ചു. 06.06.2022 തീയ്യതി താൻ ലോറിയും കൊണ്ട് മാഹിയിൽ നിന്നും ചെറുവാഞ്ചേരിയിലേക്ക്

പോകുമ്പോൾ മോന്താലിൽ പൊക്രാൻ ബസ് സ്റ്റോപ്പിനടുത്ത് ഒരു ലോറി ആക്സിഡന്റായി കിടക്കുന്നത് കണ്ടു എന്നും ലോറി സ്കൂട്ടറിനെ തട്ടി സ്കൂട്ടർ ഓടിച്ചയാൾക്ക് പരിക്ക് പറ്റിയിരുന്നു എന്നും PW8 മൊഴി നൽകി. സ്കൂട്ടർ ഓടിച്ചയാളുടെ ശരീരത്തിൽ കൂടി ടിപ്പർ ലോറി കയറി ഇറങ്ങുന്നത് കണ്ടിരുന്നു എന്നും സ്കൂട്ടർ ഓടിച്ചയാളുടെ തലയിൽ കൂടിയാണ് ലോറി കയറി ഇറങ്ങിയത് എന്നും അന്നേ ദിവസം ടിപ്പർ ഓടിച്ചയാളെ കണ്ടിരുന്നു എന്നും PW8 മൊഴി നൽകി. പ്രതിക്കൂട്ടിൽ നിൽക്കുന്ന പ്രതിയെ PW8 കണ്ട് തിരിച്ചറിയുകയും ചെയ്തു.

15. CW14 പ്രമോദിനെ PW11 ആയി കോടതി മുമ്പാകെ വിസ്തരിച്ചപ്പോൾ സംഭവം നടക്കുന്നത് നേരിൽ കണ്ടിട്ടില്ല എന്നും അപകടത്തിൽ മരണപ്പെട്ട ശ്രീധരനെ താൻ ആംബുലൻസിൽ ആശുപത്രിയിലെത്തിച്ചു എന്നും മൊഴി നൽകി.

16. CW17 രാജേഷ് കോറോത്തിനെ PW13 ആയി കോടതി മുമ്പാകെ വിസ്തരിച്ചു. ടിയാൻ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറായി തലശ്ശേരി സബ് ആർടിഒ ഓഫീസിൽ ജോലി ചെയ്തു വരവേ 16.06.2022 തീയ്യതി ചൊക്ലി പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചു വച്ച KL 40 P 3827 ടിപ്പർ പരിശോധിക്കുകയുണ്ടായി എന്നും പരിശോധിക്കുന്ന സമയത്ത് പ്രത്യേകിച്ച് ഡാമേജുകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടില്ല എന്നും ആയത് എംവിഐ റിപ്പോർട്ടിന്റെ ഏഴാം കോളത്തിൽ സൂചിപ്പിച്ചിട്ടുണ്ട് എന്നും കൂടാതെ വാഹനത്തിന് Mechanical defect ഒന്നുമുണ്ടായിരുന്നില്ല എന്നും ബ്രേക്ക് കണ്ടീഷനും തൃപ്തികരമായിരുന്നു എന്നും അപകടം സംഭവിച്ചത് വാഹനത്തിന്റെ യാന്ത്രിക തകരാറുകൾ കൊണ്ടല്ല എന്നു ടിയാന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

17. CW19 വിജേഷ് കെ യെ PW14 ആയി കോടതി മുമ്പാകെ വിസ്തരിച്ചു. 29.06.2022 തീയ്യതി താൻ ചൊക്ലി വില്ലേജ് ഓഫീസിൽ വില്ലേജ് അസിസ്റ്റന്റ് ആയി ജോലി ചെയ്തു വരവേ ഈ കേസിലെ സംഭവസ്ഥലത്തിന്റെ Ext. P7 സൈറ്റ് പ്ലാൻ തയ്യാറാക്കി എന്നും അതിൽ ചൊക്ലി വില്ലേജ് ഓഫീസർ സുമ അച്ചുതൻ (PW15) കൌണ്ടർ സൈൻ ചെയ്തിട്ടുണ്ട് എന്നും PW14 മൊഴി നൽകി.

18. രേഖകൾ പരിശോധിക്കുമ്പോൾ GAURA ഇലക്ട്രിക് സ്കൂട്ടർ, KL 40 P 3827 നമ്പർ ടിപ്പർ എന്നീ വാഹനങ്ങൾ അപകടത്തിൽപ്പെട്ടതും ആ അപകടത്തിൽ ശ്രീധരൻ

എന്നയാൾക്ക് പരിക്ക് പറ്റിയതും പിന്നീട് ടിയാൻ മരിച്ചതും തർക്ക വിധേയമല്ല. PW12 issue ചെയ്ത Ext. P5 പോസ്റ്റ് മോർട്ടം സർട്ടിഫിക്കറ്റ് പ്രകാരം ശ്രീധരൻ എന്നയാൾ മരിച്ചത് റോഡപകടത്തിൽ വച്ച് തലക്കും നെഞ്ചത്തുമേറ്റ പരിക്കുകൾ കാരണമാണെന്ന് വ്യക്തമാണ്. S. 304(A) IPC പ്രകാരം പ്രോസിക്യൂഷൻ തെളിയിക്കേണ്ടത് ഒരാളുടെ മരണം സംഭവിച്ചിട്ടുണ്ടെന്നും ആ മരണം പ്രതിയുടെ പ്രവൃത്തിയുടെ നേർഫലം ആയിരിക്കണമെന്നും കൂടാതെ പ്രതി ചെയ്തു എന്നു പറയുന്ന പ്രവൃത്തി അശ്രദ്ധയോടെയോ അലക്ഷ്യമായോ ചെയ്ത ഒന്നായിരിക്കണമെന്നുമാണ്. കേസിനാസ്പദമായ സംഭവത്തിൽ മുമ്പ് പറഞ്ഞതു പോലെ ശ്രീധരൻ എന്നു പറഞ്ഞയാൾ മരണപ്പെട്ട വസ്തുത വിവാദ വിധേയമല്ല. പ്രോസിക്യൂഷൻ തെളിവുകളനുസരിച്ച് കേസിനാസ്പദമായ റോഡപകടം പ്രതിയുടെ അശ്രദ്ധയോ അലക്ഷ്യമോ മൂലമാണോ എന്നാണ് കണ്ടെത്തേണ്ടത്. PW1 ഉം PW8 ഉം ആണ് കേസിനാസ്പദമായ സംഭവത്തിലെ ദൃക്സാക്ഷികൾ. PW1 തന്നെയാണ് കേസിന്റെ Ext. P1 പ്രഥമ വിവര പ്രസ്താവന നൽകിയിട്ടുള്ളത്. PW1 നൽകിയ Ext. P1 പ്രഥമ വിവര പ്രസ്താവന പ്രകാരം ഒരേ ദിശയിൽ പുറക് ഭാഗത്തു നിന്നും വന്ന സംഭവത്തിലുൾപ്പെട്ട ടോറസ് ലോറി മരണപ്പെട്ടയാളുടെ സ്കൂട്ടറിനെ ഇടിക്കുകയും മരണപ്പെട്ടയാൾ റോഡിലേക്ക് തെറിച്ച് വീഴുകയും ചെയ്തു എന്നാണ്. സംഭവത്തിലുൾപ്പെട്ട ലോറിയുടെ ഡ്രൈവറുടെ അശ്രദ്ധയാണ് സംഭവത്തിന് കാരണമെന്ന് PW1 Ext. P1 പ്രഥമ വിവര പ്രസ്താവനയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ കോടതിയിൽ മൊഴി നൽകിയപ്പോൾ സംഭവത്തിലുൾപ്പെട്ട ടിപ്പർ വാഹനം അമിത വേഗതയിൽ വന്ന് ഇടിച്ചത് കൊണ്ടാണ് അപകടം ഉണ്ടായത് എന്നും ആ ഇടിയുടെ ആഘാതത്തിലാണ് ശ്രീധരൻ റോഡിലേക്ക് തെറിച്ചു വീണത് എന്നുമാണ് മൊഴി നൽകിയിട്ടുള്ളത്. ടിയാനെ ക്രോസ് വിസ്താരം ചെയ്തപ്പോൾ അമിത വേഗതയിലൂടെ സൈഡിൽ കയറ്റിയ ടിപ്പറിന്റെ ഇടതു ഭാഗം പുറകു വശമാണ് മരണപ്പെട്ടയാൾ സഞ്ചരിച്ചിരുന്ന വണ്ടിക്കിടിച്ചത് എന്ന് മൊഴി നൽകുകയുണ്ടായി. Ext. P1 പ്രഥമ വിവര പ്രസ്താവനയിൽ ഏത് രീതിയിലാണ് ടിപ്പർ ലോറി മരണപ്പെട്ടയാൾ സഞ്ചരിച്ചിരുന്ന വണ്ടിയിലിടിച്ചതെന്ന് പറഞ്ഞിരുന്നില്ലെന്ന് വ്യക്തമാണ്. കോടതിയുടെ വിധിന്യായങ്ങളിൽ നിന്നും ഒരു ക്രിമിനൽ കേസിന്റെ പ്രഥമ വിവര പ്രസ്താവന ഒരു

encyclopedia ആയി കാണേണ്ടതില്ല എന്ന് സത്യമാണ്. അതുകൊണ്ട് തന്നെ ടിപ്പർ ലോറിയുടെ ഇടത് ഭാഗം ആണ് അപകടത്തിൽ മരണപ്പെട്ടയാളുടെ വണ്ടിയിൽ ഇടിച്ചതെന്ന് Ext. P1 പ്രഥമ വിവര പ്രസ്താവനയിൽ പറയാതെ പോയത് ഗൌരവമായി എടുക്കേണ്ടതില്ല. പക്ഷേ, ലോറി ഓടിച്ച പ്രതിയുടെ അമിത വേഗം കൊണ്ടാണ് മരണപ്പെട്ടയാൾ സഞ്ചരിച്ച വണ്ടിയിൽ ഇടിച്ച് അപകടം സംഭവിച്ചതെന്ന് Ext. P1 പ്രഥമ വിവര പ്രസ്താവനയിൽ പറയാതെ പോയത് S. 304(A) IPC എന്ന കുറ്റകൃത്യത്തിന്റെ ഘടകങ്ങൾ തെളിയിക്കേണ്ടതിന്റെ അടിസ്ഥാനത്തിൽ ശ്രദ്ധയാർജ്ജിക്കുന്ന ഒന്നാണ്. കാരണം S. 304(A) IPC പ്രകാരം പ്രതിയുടെ പ്രവൃത്തി "Rash or Negligent act" ആയി Ext. P1 പ്രഥമ വിവര പ്രസ്താവനയിൽ പറഞ്ഞിട്ടുള്ളത് പ്രതിയുടെ അശ്രദ്ധ മൂലമാണ് അപകടം ഉണ്ടായത് എന്ന് മാത്രമാണ്. കോടതിയിൽ മൊഴി നൽകിയപ്പോൾ പ്രതിയുടെ അമിത വേഗതയും ശ്രദ്ധക്കുറവും കൂടി കൊണ്ടാണ് അപകടം ഉണ്ടായത് എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ഇവ രണ്ടും മാത്രം കണക്കിലെടുത്ത് പ്രതി ലോറി ഓടിച്ചിരുന്നത് മനുഷ്യ ജീവന് അപകടം ഉണ്ടാക്കുന്ന വിധം അജാഗ്രതയിലോ അലക്ഷ്യമായ രീതിയിലുമാണോ എന്ന് പറയുവാൻ സാധിക്കുകയില്ല. S. 304(A) IPC പ്രകാരം ശിക്ഷിക്കുവാൻ ഒരു സാധാരണ അശ്രദ്ധക്കു പകരം ഗുരുതരമായ അശ്രദ്ധ ഉണ്ടായിരിക്കണം. PW1 നെ കൂടാതെ കേസിനാസ്പദമായ സംഭവം നേരിൽ കണ്ട സാക്ഷിയാണ് PW8. ടിയാന്റെ സാക്ഷി മൊഴി പരിശോധിക്കുമ്പോൾ സ്കൂട്ടർ ഓടിച്ചയാളുടെ ശരീരത്തിൽ കൂടി ടിപ്പർ ലോറി കയറി ഇറങ്ങുന്നത് സൈഡിൽ കൂടെ കണ്ടിരുന്നു എന്നാണ് മൊഴി നൽകിയിട്ടുള്ളത്. പ്രതിയുടെ അജാഗ്രത കൊണ്ടാണോ അലക്ഷ്യമായ ഡ്രൈവിംഗ് കൊണ്ടാണോ അപകടം സംഭവിച്ചതെന്ന് PW8 മൊഴി നൽകിയിട്ടില്ല. PW8 മരണപ്പെട്ട വ്യക്തിയുടെ തലയിലുടെ ലോറി കയറി ഇറങ്ങുന്നത് കണ്ടിട്ടുണ്ട് എന്ന് പറയുന്നുണ്ട്. എന്നാൽ അപ്രകാരം ഒന്നും തന്നെ PW1 മൊഴി നൽകിയിട്ടില്ല. Ext. P6 എം വി ഐ റിപ്പോർട്ട് പ്രകാരം യാന്ത്രിക തകരാറുകൾ കൊണ്ടല്ല അപകടം സംഭവിച്ചത് എന്ന് വ്യക്തമാണെങ്കിലും ഇത് ഉപയോഗിച്ച് മാത്രം പ്രതിയുടെ "Rash or Negligent act" കൊണ്ടാണ് അപകടം ഉണ്ടായതെന്ന് തെളിയിക്കുവാൻ സാധിക്കുകയില്ല. ഓവർ സ്പീഡ് എന്ന ആരോപണം കൊണ്ട് മാത്രം "Rash or Negligent act"

തെളിയിക്കപ്പെടുന്നില്ല. അപകട സമയം വാഹനത്തിന്റെ കൃത്യമായ വേഗത എത്രയാണെന്നോ അപകടത്തിന് മുമ്പ് പ്രതി അപകടകരമായ പ്രവൃത്തികൾ ചെയ്തു എന്നോ പ്രതിക്ക് നിയന്ത്രണം നഷ്ടപ്പെട്ടു എന്നോ പ്രതി ഓവർ ടേക്ക് ചെയ്യുമ്പോൾ നിയന്ത്രണം നഷ്ടപ്പെട്ടു എന്നോ ലോറി സ്കിഡ് ആയി എന്നോ ഒന്നും തന്നെ പ്രോസിക്യൂഷൻ തെളിവിൽ കാണാൻ സാധിക്കുകയില്ല. ഇവിടെ അപകടം സംഭവിച്ചത് ലോറിയുടെ ഇടതു പിൻഭാഗം ഇടിച്ചാണ്. ഇതിൽ നിന്നും സ്കൂട്ടർ നിയന്ത്രണം വിട്ട് ലോറിയുടെ പിൻഭാഗത്ത് ഇടിച്ചെന്ന സാധ്യതയെ നിരാകരിക്കുവാൻ ആകുകയില്ല. Ext. P2 സംഭവസ്ഥല മഹസർ പരിശോധിക്കുമ്പോഴും ഓവർടേക്ക് ചെയ്യുമ്പോൾ ടിപ്പർ ലോറിയുടെ നിയന്ത്രണം വിട്ടതായോ സ്കിഡ് ആയതായോ കാണിക്കുന്നതിന്റെ ടയർ മാർക്കുകളൊന്നും തന്നെ അടയാളപ്പെടുത്തിയതായി കാണിക്കുന്നില്ല. അമിത വേഗതയിൽ ഓവർടേക്ക് ചെയ്യുമ്പോഴാണ് അപകടം ഉണ്ടായതെന്ന് പ്രോസിക്യൂഷനും കേസില്ല. Ext. P7 സൈറ്റ് പ്ലാൻ പരിശോധിക്കുമ്പോൾ അപകടം നടന്നത് റോഡിന്റെ വളവിലല്ല. ഓവർടേക്ക് നിരോധിത മേഖലയാണോ അപകടം നടന്ന റോഡ് എന്ന് സൈറ്റ് പ്ലാൻ കൊണ്ടും വ്യക്തമാകുന്നില്ല. അതുകൊണ്ട് തന്നെ പ്രോസിക്യൂഷൻ സാക്ഷിമൊഴികളാലും മറ്റ് സാഹചര്യ തെളിവുകളാലും അപകടം സംഭവിച്ചത് പ്രതിയുടെ "Rash or Negligent act" കൊണ്ടാണെന്ന് പറയുവാൻ സാധിക്കുകയില്ല..

19. കേസിലെ ദൃക്സാക്ഷികൾ സംഭവ സമയം ലോറി ഓടിച്ചിരുന്ന പ്രതിയെ കണ്ടിരുന്നു എന്ന് മൊഴി നൽകുകയും കോടതിയിൽ വച്ച് തിരിച്ചറിയുകയും ഉണ്ടായി. PW1 തൻെറ എതിർ വിസ്താരത്തിൽ സംഭവം നടക്കുന്ന സമയത്ത് ടിയാനും മരണപ്പെട്ടയാളും ടിപ്പർ വാഹനവും കയറ്റം കയറി കൊണ്ടിരുന്നു എന്നും ആ സമയം പ്രതി വാഹനത്തിൽ ഇരിക്കുന്നുണ്ടായിരുന്നും എന്നും അപ്രകാരം പ്രതിയെ തിരിച്ചറിഞ്ഞു എന്നും സംഭവ സമയം ടിപ്പർ വാഹനത്തിന്റെ ഗ്ലാസ്സ് കയറ്റി വച്ച നിലയിലാണ് ഉണ്ടായിരുന്നത് എന്നും മൊഴി നൽകിയിട്ടുണ്ട്. PW1 ന്റെ മൊഴി അനുസരിച്ച് ടിയാന്റെ മുമ്പിലാണ് ടിപ്പർ ലോറിയും അപകടത്തിൽ മരണപ്പെട്ടയാളുടെ സ്കൂട്ടറും സഞ്ചരിച്ചിരുന്നത്. അതുകൊണ്ട് തന്നെ സംഭവ സമയം പ്രതിയെ PW1 കണ്ട് തിരിച്ചറിഞ്ഞു എന്ന വസ്തുത സംശയത്തിന്റെ നിഴലിൽ അകപ്പെട്ടിരിക്കുകയാണ്. ഈ

കേസിൽ തിരിച്ചറിയൽ പരേഡ് നടത്തിയിട്ടില്ല. പ്രതി അന്യ ജില്ലക്കാരനാണെന്നതിൽ തർക്കമില്ല. അതുപോലെ പ്രതിയെ സംഭവസ്ഥലത്തു നിന്ന് അറസ്റ്റ് ചെയ്യാതെ സംഭവം നടന്നതിന്റെ പിറ്റേ ദിവസം (07.06.2022) പോലീസ് സ്റ്റേഷനിൽ ഹാജരായപ്പോൾ മാത്രമാണ് അറസ്റ്റ് ചെയ്തത്. Ext. P1 പ്രഥമ വിവര പ്രസ്താവനയിൽ പറയുന്നത് പോലെ പ്രതിയാണ് ടിപ്പർ ലോറി ഓടിച്ചത് എന്ന് തെളിയിക്കാനായി വാഹന ഉടമയുടേയോ മറ്റുള്ളവരുടേയോ സാക്ഷ്യവും പ്രോസിക്യൂഷൻ തെളിവിലേക്ക് കൊണ്ടു വന്നിട്ടില്ല. അന്വേഷണ വേളയിൽ PW1 പ്രതിയെ കണ്ട് തിരിച്ചറിഞ്ഞെന്ന് മൊഴി നൽകിയിട്ടില്ല. അതുകൊണ്ട് തന്നെ സംഭവസമയം PW1 വാഹനത്തിലിരുന്ന പ്രതിയെ കണ്ട് തിരിച്ചറിഞ്ഞതും മൂന്ന് വർഷങ്ങൾക്ക് ശേഷം കോടതിയിൽ വച്ച് തിരിച്ചറിഞ്ഞതും വിശ്വാസയോഗ്യമല്ല. സംഭവസ്ഥലത്തു വച്ച് പ്രതിയെ കണ്ട് തിരിച്ചറിയുവാനുള്ള സാവകാശം കിട്ടിയതായി PW1 ന്റെ മൊഴിയിൽ നിന്നും അനുമാനിക്കാൻ സാധിക്കുകയില്ല. അതുപോലെ PW8 ഉം പ്രതിയെ കണ്ട് തിരിച്ചറിഞ്ഞിട്ടുണ്ട്. അപകട ശേഷം ടിപ്പർ ലോറിയിലെ ഡ്രൈവർ ലോറിയിൽ നിന്നിറങ്ങി തലയിൽ കൈ വച്ചിരിക്കുന്നത് കണ്ടിരുന്നു എന്നാണ് PW8 കോടതിയിൽ മൊഴി നൽകിയിട്ടുള്ളത്. ഇതിൽ നിന്നും ഒരു പക്ഷേ PW8 ന് പ്രതിയെ കണ്ട് തിരിച്ചറിയുന്നതിനുള്ള സാവകാശം കിട്ടിയേക്കാം. എന്നാൽ PW8 തന്റെ എതിർ വിസ്താരത്തിൽ അപകടത്തിൽപ്പെട്ട സ്കൂട്ടറിന്റെ നമ്പർ നോട്ട് ചെയ്തിട്ടില്ല എന്നും നിർത്താതെ പോയതിനാൽ അപകടത്തിലുൾപ്പെട്ട ലോറിയുടെ നമ്പർ നോട്ട് ചെയ്തിട്ടുണ്ടെന്നും മൊഴി നൽകിയിട്ടുണ്ട്. ഇത് പ്രതിയെ തിരിച്ചറിഞ്ഞ ഭാഗവുമായി ബന്ധപ്പെട്ട് PW8 ന്റെ സാക്ഷ്യത്തെ അവ്യക്തമാക്കുകയാണ്. അപകടം നടന്ന സമയം ലോറി നിർത്താതെ പോയി എന്നതും ലോറിയിൽ നിന്നിറങ്ങിയ പ്രതി റോഡിൽ തലയിൽ കൈവച്ചിരിന്നു എന്നതും പരസ്പരം വിരുദ്ധമായ കാര്യങ്ങളാണ്. ഇതിൽ നിന്നും PW8 പ്രതിയെ യഥാർത്ഥത്തിൽ കണ്ട് തിരിച്ചറിഞ്ഞിരുന്നോ എന്നുള്ളതും സംശയിക്കേണ്ടതാണ്. മാത്രവുമല്ല, സംഭവ ദിവസം സംഭവ സമയം പ്രതിയാണ് ടിപ്പർ ലോറി ഓടിച്ചതെന്ന് തെളിയിക്കുവാൻ പ്രോസിക്യൂഷൻ trip sheet, log book തുടങ്ങിയ രേഖാമൂലമുള്ള തെളിവുകളൊന്നും തന്നെ ഹാജരാക്കുകയോ ലോറിയുടെ ആർ സി ഉടമയെ വിസ്തരിക്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ട് തന്നെ പ്രതിയാണ് സംഭവ സമയം

വാഹനം ഓടിച്ചതെന്ന് സംശയാതീതമായി തെളിയിക്കുവാൻ പ്രോസിക്യൂഷന് സാധിച്ചിട്ടില്ല.

20. പ്രോസിക്യൂഷൻ തെളിവുകൾ പരിശോധിക്കുമ്പോൾ പ്രതിയുടെ ഭാഗത്ത് നിന്ന് "Rash or Negligent act" ഉണ്ട് എന്നും പ്രതിയെ .യഥാർത്ഥത്തിൽ തിരിച്ചറിയപ്പെട്ടിട്ടുണ്ട് എന്നും പ്രോസിക്യൂഷൻ സംശയാതീതമായി തെളിയിച്ചിട്ടില്ല. ഈ സംശയങ്ങളുടെ ആനുകൂല്യം പ്രതിക്ക് അനുകൂലനമായി പോകേണ്ടതാണ്. അതിനാൽ പ്രോസിക്യൂഷൻ കേസ് പരാജയപ്പെട്ടിരിക്കുന്നു. ആയതിനാൽ ഒന്നും രണ്ടും സൂചികകൾ പ്രോസിക്യൂഷന് എതിരായി കണ്ടിരിക്കുന്നു.

21. **<u>സൂചിക നമ്പർ 3:-</u>** ഒന്നും രണ്ടും സൂചികകളിന്മേൽ ഉള്ള കോടതിയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഈ ചോദ്യം പരിഗണനക്കായി ഉയർന്നു വരുന്നില്ല.

ആയതിനാൽ ഇന്ത്യൻ ശിക്ഷാ നിയമം 279, 304(A) വകുപ്പുകൾ പ്രകാരം പ്രതി കുറ്റക്കാരനല്ല എന്നു കാണുകയും, പ്രതിയെ ക്രിമിനൽ നടപടി ക്രമം 255(1) പ്രകാരം കുറ്റ വിമുക്തനാക്കി വെറുതെ വിട്ടുകൊണ്ട് ഉത്തരവായിരിക്കുന്നു. പ്രതിയുടെ ജാമ്യ ബോണ്ട് റദ്ദ് ചെയ്തുകൊണ്ട് ഉടൻ പ്രാബല്യത്തോടെ മേൽ പറഞ്ഞ പ്രതിയെ സ്വതന്ത്രനാക്കി വിട്ടു കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

(കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനു ഞാൻ പറഞ്ഞു കൊടുത്തു ടിയാൻ രേഖപ്പെടുത്തി തയ്യാറാക്കി തന്ന ഈ വിധിന്യായത്തിൽ ആവശ്യമായ തെറ്റ് തിരുത്തലുകൾ വരുത്തി 2026 ഏപ്രിൽ മാസം .01ാം തിയ്യതി ഈ വിധിന്യായം പുറപ്പെടുവിച്ചിരിക്കുന്നു)

ഒപ്പ്/-
ന്യായാധികാരി
ഗ്രാമ ന്യായാലയം പാനൂർ, ചൊക്ലി

# അനുബന്ധം

## പ്രോസിക്യൂഷൻ വിസ്തരിച്ച സാക്ഷികൾ

ഒന്നാം സാക്ഷി - ശശിന്ദ്രൻ കെ വി

രണ്ടാം സാക്ഷി - അനശ്വർ വി സി

മൂന്നാം സാക്ഷി - ഷിബി പി

നാലാം സാക്ഷി - രാജേന്ദ്രകുമാർ എം പി

അഞ്ചാം സാക്ഷി - വിനോദ് കെ പി

ആറാം സാക്ഷി - ഭാസ്ക്കരൻ എം എം

ഏഴാം സാക്ഷി - നിജീഷ് പി കെ

എട്ടാം സാക്ഷി - സുബൈർ കെ കെ

ഒമ്പതാം സാക്ഷി - സുബിൻ, CPO, ചൊക്ലി പോലീസ് സ്റ്റേഷൻ

പത്താം സാക്ഷി - ലിജിൻ

പതിനൊന്നാം സാക്ഷി - പ്രമോദ് പി കെ

പന്ത്രണ്ടാം സാക്ഷി - Dr. ജിതിൻ വി എസ്, RMO and Forensic Surgeon, ഗവൺമെന്റ് ജനറൽ ആശുപത്രി, തലശ്ശേരി

പതിമൂന്നാം സാക്ഷി - രാജേഷ് കോറോത്ത്, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, സബ് ആർടിഒ ഓഫീസ്, തലശ്ശേരി

പതിനാലാം സാക്ഷി - വിജേഷ് കെ, വില്ലേജ് അസിസ്റ്റന്റ്, ചൊക്ലി വില്ലേജ് ഓഫീസ്

പതിനഞ്ചാം സാക്ഷി - സുമ അച്ചുതൻ, വില്ലേജ് ഓഫീസർ, ചൊക്ലി വില്ലേജ് ഓഫീസ്

പതിനാറാം സാക്ഷി - അനിൽ കുമാർ വി വി, ASI (G), ചൊക്ലി പോലീസ് സ്റ്റേഷൻ

പതിനേഴാം സാക്ഷി - യതീഷ് എൻ സി, സബ് ഇൻസ്പെക്ടർ (G), ചൊക്ലി പോലീസ് സ്റ്റേഷൻ

## പ്രോസിക്യൂഷൻ ഹാജരാക്കി അടയാളപ്പെടുത്തിയ രേഖകൾ

രേഖ -1 (Ext.P1) - എഫ് ഐ എസ്

രേഖ - 2 ( Ext.P2) - സംഭവസ്ഥല മഹസർ

രേഖ - 3 ( Ext.P3) - ഇൻക്വസ്റ്റ് റിപ്പോർട്ട്

രേഖ - 4 ( Ext.P4) - ബോഡി മഹസർ

രേഖ -5 ( Ext.P5) - പോസ്റ്റ് മോർട്ടം റിപ്പോർട്ട്

രേഖ -6 ( Ext.P6) - AMVI Report

രേഖ -7 ( Ext.P7) - സൈറ്റ് പ്ലാൻ

രേഖ -8 ( Ext.P8) - എഫ് ഐ ആർ

രേഖ -9 ( Ext.P9) - അറസ്റ്റ് മോമ്മോ

രേഖ -10 ( Ext.P10) - ബെയിൽ ബോണ്ട്

രേഖ -11 ( Ext.P11) - പ്രതിയുടെ പേരും വിലാസവും കൂട്ടിച്ചേർത്ത റിപ്പോർട്ട്

**<u>പ്രതി ഭാഗം വിസ്തരിച്ച സാക്ഷികൾ</u>**

ഇല്ല

**<u>പ്രതി ഭാഗം ഹാജരാക്കി അടയാളപ്പെടുത്തിയ രേഖകൾ</u>**

ഇല്ല

**<u>അടയാളപ്പെടുത്തപ്പെട്ട തൊണ്ടി മുതലുകൾ</u>**

ഇല്ല

**<u>കോടതി രേഖ</u>**

ഇല്ല

ഒപ്പ്/-
ന്യായാധികാരി
ഗ്രാമ ന്യായാലയം പാനൂർ, ചൊക്ലി

//ശരിപ്പകർപ്പ്//

ന്യായാധികാരി
ഗ്രാമ ന്യായാലയം പാനൂർ, ചൊക്ലി